"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ സർവ്വേ നമ്പർ 20/1 Pt ൽ ഉൾപ്പെട്ടതും നിലവിൽ ദേവികുളം സാമൂഹികാരോഗ്യ കേന്ദ്രം പ്രവർത്തിച്ചുവരുന്നതുമായ 01.9818 ഹെക്ടർ സ്ഥലം മൂന്നാർ ഗവൺമെന്റ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമ്മാണത്തിനായി സേവന വകുപ്പുകൾ തമ്മിലുള്ള കൈമാറ്റ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ നിലനിർത്തി ഉപയോഗവും കൈവശാനുഭവവും ആരോഗ്യ വകുപ്പിന് കൈമാറി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എ) വകുപ്പ്**

സ.ഉ.(കൈ) നം.81/2024/RD തീയതി,തിരുവനന്തപുരം, 09-05-2024

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03/11/2023 ലെ ഡി.എച്ച്.എസ്/11525/2023/പി.എൽ.എ3 നമ്പർ കത്ത്.
2. ഇടുക്കി ജില്ലാ കളക്ടറുടെ 12.02.2024 ലെ 4808/2023/C9 നം കത്ത്.
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 29.02.2024 ലെ LR/294/2024-LR(K2) നം കത്ത്.

**ഉത്തരവ്**

മൂന്നാർ ഗവൺമെന്റ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമ്മാണത്തിനായി ദേവികുളം സാമൂഹികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം അനുയോജ്യമായതിനാൽ ടി ഭൂമി ആരോഗ്യ വകുപ്പിന് കൈമാറി നൽകണമെന്ന് പരാമർശം (1) പ്രകാരം ആരോഗ്യ വകുപ്പ് അഭ്യർത്ഥിച്ചിരുന്നു.

2. അപേക്ഷാസ്ഥലം ദേവികുളം താലൂക്കിൽ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽ സർവ്വേ നമ്പർ 20/1 Pt ൽ പെട്ട 01.9818 ഹെക്ടർ റവന്യൂ പുറമ്പോക്കാണെന്നും ടി സ്ഥലത്ത് നിലവിൽ ദേവികുളം സാമൂഹികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്തു പ്രവർത്തിച്ചു വരുന്നതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വസ്തുവിന് ന്യായവിലയുടെ അടിസ്ഥാനത്തിൽ ആർ ഒന്നിന് 1056000/- (പത്തുലക്ഷത്തി അമ്പത്തിയാറായിരം) രൂപ നിരക്കിൽ 01.9818 ഹെക്ടറിന് 20,92,78,080/- (ഇരുപതുകോടി തൊണ്ണൂറ്റി രണ്ടു ലക്ഷത്തി എഴുപത്തെണ്ണായിരത്തി എൺപത് രൂപ) വില കണക്കാക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ സർവ്വേ നമ്പർ 20/1 Pt ൽ ഉൾപ്പെട്ടതും നിലവിൽ ദേവികുളം സാമൂഹികാരോഗ്യ കേന്ദ്രം പ്രവർത്തിച്ചുവരുന്നതുമായ 01.9818 ഹെക്ടർ സ്ഥലം മൂന്നാർ ഗവൺമെന്റ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമ്മാണത്തിനായി സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമികൈമാറ്റ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ നിലനിർത്തി ഉപയോഗവും കൈവശാനുഭവും ആരോഗ്യ വകുപ്പിന് കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിബന്ധനകൾ

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി പാട്ടത്തിനു / ഉപപാട്ടത്തിനു / തറവാടകയ്ക്കു നൽകുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടില്ല;

iv) ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും ആരോഗ്യ വകുപ്പ് തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ് ;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതുമാണ്;

vi) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് ;

Vii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

INDU G I

അണ്ടർ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ഇടുക്കി

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്

ആരോഗ്യ വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sureshkumar K
സെക്ഷൻ ഓഫീസർ
Date: 09-05-2024 14:48:23

സ.ഉ.(കൈ) നം.81/2024/RD